## കൃഷി ഫാമുകളുടെ പ്രവർത്തനം

26 (*86)ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ കൃഷിഫാമുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇവയുടെ ഉദ്ദേശലക്ഷ്യങ്ങൾ എത്രകണ്ട് കൈവരിക്കാനായി എന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തനോന്മുഖമായിട്ടുള്ള കൃഷിഫാമുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് കൂടുതൽ കൃഷിഫാമുകൾ തുടങ്ങേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് പുതിയ കൃഷിഫാമുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) കൃഷിഫാമുകൾ നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഫാമുകൾ ഉൽപ്പാദിപ്പിക്കുന്ന നടീൽ വസ്തുക്കളുടെ ഉൽപ്പാദന ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇത്തരം ഫാമുകളെ ലാഭത്തിലാക്കാൻ ഉദ്ദേശമുണ്ടോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഉൽപ്പാദനക്ഷമതയേറിയ നടീൽവസ്തുക്കൾ, വിത്തിനങ്ങൾ എന്നിവ കൃഷിഫാമുകൾ വഴി വിതരണം ചെയ്ത് ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കൃഷിഫാമുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ട്. കർഷകർക്കാവശ്യമുള്ള ഗുണമേന്മയേറിയ നടീൽവസ്തുക്കൾ താഴ്ന്ന നിരക്കിലോ സൗജന്യമായോ ലഭ്യമാക്കുക എന്നതാണ് പ്രധാനപ്പെട്ട ഉദ്ദേശലക്ഷ്യം. ഇത് ഏറെക്കുറെ കൈവരിച്ചിട്ടുണ്ട്. ഇതു കൂടാതെ ഫാമുകളുടെ പ്രവർത്തനം വിലയിരുത്തി ശുപാർശകൾ സമർപ്പിക്കുന്നതിനായി സർക്കാർ നിയമസഭാ വിഷയനിർണ്ണയ സമിതിയുടെ ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) 33 നെൽവിത്തുൽപ്പാദന കേന്ദ്രങ്ങളും, 10 ജില്ലാ ഫാമുകളും, 10 പ്രത്യേക വിഭാഗത്തിൽപ്പെടുന്ന ഫാമുകളും, 8 തെങ്ങിൻതൈ നഴ്സറികളുമാണ് കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തനോന്മുഖമായിട്ടുള്ള ഫാമുകൾ, ഫാമുകളുടെ പേര് അനുബന്ധമായി† ചേർത്തിട്ടുണ്ട്.

(സി) നിലവിൽ ഇല്ലാ ഫാമുകൾ ഇല്ലാത്ത ജില്ലകളായ പത്തനംതിട്ട, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കൃഷി ഫാമുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1178/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്.

ഇതിനുള്ള പ്രധാന കാരണങ്ങൾ താഴെപ്പറയുന്നു.

(1) കർഷക ക്ഷേമം മുൻനിർത്തി നടീൽ വസ്തുക്കളുടെ കുറഞ്ഞ നിരക്കിലുള്ള വില നിശ്ചയിക്കൽ.

(2) തൊഴിലാളികൾക്ക് പ്രാദേശികമായി ലഭ്യമാകുന്ന വേതനത്തേക്കാൾ നൽകിവരുന്ന ഉയർന്ന വേതനവും മറ്റു ക്ഷേമപ്രവർത്തനങ്ങളും വരുത്തുന്ന ബാദ്ധ്യത.

(3) തൊഴിലാളികളുടെ കുറഞ്ഞ കാര്യക്ഷമത, നിശ്ചയിക്കപ്പെട്ടിട്ടുള്ള കുറഞ്ഞ ജോലിതോത്.

(4) ഉൾപ്രദേശങ്ങളിൽ പ്രവർത്തിക്കുന്നതിനാൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കാരണം ഫാമുകളിൽ ജോലി ചെയ്യുന്നതിന് ഉദ്യോഗസ്ഥർക്കുള്ള താൽപ്പര്യക്കുറവ്.

(ഇ) നടീൽ വസ്തുക്കളുടെ ഉൽപ്പാദനലക്ഷ്യം പൂർണ്ണമായും കൈവരിക്കുവാൻ വിവിധ കാരണങ്ങളാൽ കഴിഞ്ഞിട്ടില്ല. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുവാനായി ഫാമുകൾ ലാഭനഷ്ടങ്ങൾ കണക്കിലെടുക്കാതെ പ്രവർത്തിക്കുന്നതിനായിട്ടാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

(എഫ്) നിലവിൽ ഫാമുകളിൽനിന്ന് ഉൽപ്പാദനാക്ഷമതയേറിയ നടീൽ വസ്തുക്കൾ, വിത്തിനങ്ങൾ എന്നിവ ഉൽപ്പാദിപ്പിച്ച് കൃഷിഭവനുകൾ മുഖേന വിതരണം ചെയ്തുവരുന്നുണ്ട്. നിലവിലുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാനും ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും ഫാമുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ഫാമുകളുടെ പ്രവർത്തനം വിലയിരുത്തി ശുപാർശകൾ സമർപ്പിക്കുന്നതിനായി നിയമസഭാ വിഷയനിർണ്ണയസമിതിയുടെ ഉപസമിതിയെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത സമിതിയുടെ ശുപാർശകൾ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കിവരുന്നു.

## മദ്യവിൽപ്പനയിൽനിന്നുള്ള വരുമാന വർദ്ധനവ്

27 (*87)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-1997 നുശേഷം ചെയ്തു; തെങ്ങുകളുടെ എണ്ണത്തിനോ; കള്ളിന്റെ ഉൽപ്പാദനത്തിലോ വർദ്ധനയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ വർഷങ്ങളിലേയ്ക്ക് കണക്ക് നൽകുമോ;

(ബി) ചാരായനിരോധനം ഏർപ്പെടുത്തിയതിനെ തുടർന്ന് 1996-1997-ൽ മദ്യ വിൽപ്പനയിൽ നിന്നുള്ള വരുമാനവും കള്ളുഷാപ്പുലേലത്തുകയും കുറഞ്ഞിട്ടും പിന്നീടുള്ള വർഷങ്ങളിൽ മേൽപ്പറഞ്ഞ രണ്ടിനത്തിലും ചാരായ നിരോധനമില്ലാതിരുന്ന കാലത്തേക്കാളും വർദ്ധനയുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഈ സാമ്പത്തികവർഷം കള്ളുഷാപ്പു ലേലത്തുക 1998-99 നേക്കാളും 1999-2000-ലേക്കാളും എത്ര കോടി രൂപ വർദ്ധിച്ചു;

LIBRARY ARCHIVES Kerala Legislative Assembly